## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് കോൺവെന്റ് ബിൽഡിംഗ് (ഗ്രൂപ്പ്–എ2) – കെട്ടിട നിർമ്മാണം – ലേ–ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02/06/2021–ലെ എ7/2718/2021 നമ്പർ കത്ത്.

---

ഉത്തരവ് നമ്പർ TCPKTM/273/2021–C    തീയതി : 23/06/2021

---

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കാഞ്ഞിരപ്പള്ളി വില്ലേജിൽ, ബ്ലോക്ക് നമ്പർ 11–ൽ റീസർവ്വെ നമ്പർ 133/1, 133/6–ൽപ്പെട്ട 2ഹെക്ടർ 28 ആർ 35 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിലുള്ള 6300.01 ച.മീറ്റർ സ്കൂൾ കെട്ടിടങ്ങളോടും അനുബന്ധ കെട്ടിടങ്ങളോടും ചേർന്ന് നിലവിലുള്ള 280.86 ച.മീറ്റർ ചാപ്പൽ കെട്ടിടത്തോട് ചേർത്ത് 2713.87 ച.മീറ്റർ വിസ്തൃതിയുള്ള കോൺവെന്റ് ബിൽഡിംഗ് പണിയുന്നതിന് കെ.പി.ബി.ആർ–2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ–ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി/ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

### നിബന്ധനകൾ

1. കെ.പി.ബി.ആർ–2019 ചട്ടം 9 (2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും, സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.
2. ചട്ടം 79(6) in situ Liquid Waste Management treatment plant –ന് ആവശ്യമായ സംവിധാനം ഉറപ്പ് വരുത്തണം.
3. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും, അവ ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.
4. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
5. Existing Hostel Building ലേക്കുള്ള ഡ്രൈവ് വേ സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
6. കെ.പി.ബി.ആർ–2019 അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി. അല്ല. കെ.പി.ബി.ആർ-2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 29/2021/KTM)

സുജ മത്തായി
ടൗൺ പ്ലാനർ

മദർ സുപ്പീരിയർ, സെന്റ് മേരീസ് കാർമലൈറ്റ് കോൺവെന്റ്
(പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :
1. സെക്രട്ടറി
   കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് (പ്ലാൻ 1 സെറ്റ് സഹിതം)
2. അധികം -1

S/21062021